ശ്രീ. ബെന്നി ബഹനാൻ: ഉൾനാടൻ മൽസ്യത്തൊഴിലാളികൾക്ക് ആനുകൂല്യം കൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു, ഉൾനാടൻ മൽസ്യത്തൊഴിലാളികളായി പ്രത്യേകിച്ച് പുഴകളിൽ മൽസ്യം പിടിക്കുന്ന മൽസ്യത്തൊഴിലാളികൾക്ക് വള്ളവും വലയും കിട്ടണമെന്ന് നിരന്തരമായി നിവേദനം നടത്തിയിട്ട് ഇന്നുവരെ ഒരു മറുപടിയും കിട്ടിയിട്ടില്ല. അതുകൊണ്ട് എത്രയും വേഗം വള്ളവും, വലയും അവർക്ക് വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. എൽ. ജേക്കബ്: അത് പരിഗണനാപരമായ നിർദ്ദേശമാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: നമ്മുടെ ഫിഷറീസ് വകുപ്പുമന്ത്രി അധികാരത്തിൽ വന്നതിനുശേഷം കായലിലെ മൽസ്യമാണോ, കടലിലെ മൽസ്യമാണോ ഏതാണ് ഗുണത്തിലും, രുചിയിലും മെച്ചമേറിയതെന്ന കാര്യത്തിൽ ഗവൺമെന്റ് ഒരു തീരുമാനമെടുത്തിട്ടുണ്ടോ?

ശ്രീ. എ. എൽ. ജേക്കബ്: അത് ഓരോരുത്തരുടെ ടേസ്റ്റ് അനുസരിച്ചിരിക്കും.

ശ്രീ. എ. സി. ജേക്കബ്: എറണാകുളം ജില്ലയിൽ വളരെ കൂടുതൽ കായലോരങ്ങളും, കൊച്ചുപുഴകളുമുള്ളതുകൊണ്ട് ഇപ്പോൾ മൂന്നു സൊസൈറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്നു പറഞ്ഞു. അതുകൊണ്ട് എറണാകുളം ജില്ലയിലെ ഉൾനാടൻ മൽസ്യത്തൊഴിലാളികൾക്കുവേണ്ടി കൂടുതൽ സൊസൈറ്റികൾ രൂപീകരിക്കാൻ വേണ്ട നടപടി ഗവൺമെന്റ് സ്വീകരിക്കുമോ; മൂന്നു സൊസൈറ്റികളേതെല്ലാമാണ് ഇപ്പോൾ രൂപീകരിച്ചിട്ടുള്ളതെന്ന് പറയാൻ ദയവുണ്ടാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: ഇപ്പോൾ സൊസൈറ്റികൾ രൂപീകരിച്ചിട്ടില്ല. രൂപീകരിക്കുന്നതിനുവേണ്ടി നവംബർ 14-ാം തീയതിയിലെ ഗസറ്റിൽ നോട്ടിഫൈ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: യന്ത്രവൽകൃത ബോട്ടുകളുപയോഗിച്ച് മൽസ്യബന്ധനം നടത്തുന്നതുകൊണ്ട് കരിമീനിന്റെ രുചിയിൽ വ്യത്യാസം വരുന്നുവെന്ന് ബഹുമാനപ്പെട്ട ശ്രീ. ഷൺമുഖദാസ് ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി അതൊന്ന് പരിശോധിച്ച് നോക്കാൻ തയ്യാറാകുമോ?

ശ്രീ. എ. എൽ. ജേക്കബ്: അത് ന്യായമായ രീതിയിൽ പാകം ചെയ്താൽ രുചിയുണ്ടാകും.

പോലീസ് സേനയിലെ കുറ്റാന്വേഷണ വിഭാഗം

*470 [500] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ:
,, കോടിയേരി ബാലകൃഷ്ണൻ:
,, വർക്കല രാധാകൃഷ്ണൻ:
,, കെ. പി. അരവിന്ദാക്ഷൻ:
,, എ. കെ. പത്മനാഭൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) പോലീസ് സേനയിലെ കുറ്റാന്വേഷണ വിഭാഗം കൂടുതൽ കാര്യക്ഷമമാക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുണ്ട്;

(സി) കുറ്റാന്വേഷണത്തിലുള്ള ക്രമക്കേടുകളെ സംബന്ധിച്ച് കോടതി വിധികളിൽ വരുന്ന പരാമർശനങ്ങൾ ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടാറുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) ഉണ്ട്.

(ബി) കുറ്റാന്വേഷണവിഭാഗം കൂടുതൽ കാര്യക്ഷമമാക്കാൻ താഴെ പറയുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്:

1. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും കൈകാര്യം ചെയ്യുന്നതിന് ക്രൈം ബ്രാഞ്ച് കുറ്റാന്വേഷണവിഭാഗത്തിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

2. മയക്കുമരുന്നു സംബന്ധിച്ച കേസുകളും കൈകാര്യം ചെയ്യുന്നതിന്, ക്രൈം ബ്രാഞ്ച് യൂണിറ്റിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

3. കള്ളനോട്ട് സംബന്ധിച്ച കേസുകളും കൂടുതൽ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻ എറണാകുളം ആസ്ഥാനമായി ഒരു പോലീസ് സൂപ്രണ്ടിന്റെ കീഴിൽ അന്തർ സംസ്ഥാന പോലീസ് വിഭാഗങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്താനുള്ള നിർദ്ദേശം പരിഗണനയിലുണ്ട്.

4. വിസ, പാസ്പോർട്ട്, എമിഗ്രേഷൻ കുറ്റങ്ങളും തുടങ്ങിയവ അന്വേഷിക്കാൻ ഒരു ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

5. കൊലപാതക കേസുകളിൽ കുറ്റവാളികളെ തിരിച്ചറിയാൻ ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഉംപ്പൊടെയുള്ള ആധുനിക സങ്കേതങ്ങളും ഉപയോഗപ്പെടുത്തിവരുന്നുണ്ട്.

6. മൊബയിൽ ലബോറട്ടറികളും ആധുനീകരിക്കുന്നതിന് നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

7. ക്രൈംബ്രാഞ്ചിലെ ഉദ്യോഗസ്ഥൻമാർക്ക് ശാസ്ത്രീയ കുറ്റാന്വേഷണത്തിനു കൂടുതൽ വൈദഗ്ദ്ധ്യം ലഭിക്കുന്നതിനാവശ്യമായ പരിശീലനം ക്രമമായി നൽകിവരുന്നുണ്ട്.

8. സംസ്ഥാന ജില്ലാതലങ്ങളിൽ ക്രൈം റിക്കാർഡ്ബ്യൂറോകളും ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഗവൺമെൻറിന്റെ സജീവ പരിഗണനയിലാണ്.

9. ക്രൈംബ്രാഞ്ച് വിഭാഗം പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ബഹളം)

LIBRARY ARCHIVES Kerala Legislative Assembly